
# സ്നേഹിതരോടെ മലർവാടിക്ക്...



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **റിദാ ഫാത്തിമ** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

പുതിയ ലക്കം കിട്ടിയാലുടൻ ആദ്യം വായിക്കുന്നത് ചിരിവൈദ്യൻ ആണ്. പിന്നെ പൂച്ചപ്പോലീസ്, പട്ടാളം പൈലി എന്നിവയും. പൂച്ചപ്പോലീസിലെ ഷെപ്പാരകളുടെ നാട്ടിൽ വളരെ സൂപ്പറും ത്രില്ലിങ്ങുമാണ്. ചക്കര ഇഞ്ചിങ്ങ വളരെ രസകരമാണ്.

മലർവാടിക്ക് ഒരു കത്ത് അയക്കണമെന്ന് വളരെകാലമായുള്ള എന്റെ ആഗ്രഹമാണ്. മദ്രസയിൽ നിന്നാണ് എനിക്ക് മലർവാടി കിട്ടുന്നത്. എന്റെ കൂട്ടുകാർക്കും മലർവാടി വളരെ ഇഷ്ടമാണ്. മലർവാടിക്ക് എന്റെ ആശംസകൾ

**ആമിർ റസ,** ക്ലാസ് 5,
അമ്പലപ്പുഴ,

പ്രിയപ്പെട്ട മലർവാടിക്ക്,

എനിക്ക് നിന്നെ വലിയ ഇഷ്ടമാണ്. പൂച്ചപ്പോലീസാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട ചിത്രകഥ. ഒരുപാട് സ്വാധീനം മലർവാടി എന്നിൽ ഉണ്ടാക്കിയിട്ടുണ്ട്. ശിഹാബ്ക്കയോട് ചോദിക്കാം എന്ന പംക്തി എനിക്ക് ഒരുപാട് ഉപകാരപ്പെടുന്നുണ്ട്. മലർവാടിക്ക് എല്ലാവിധ ആശംസകളും.

**- അഷ്മിൽ പി.പി**
ജി.എച്ച്.എസ്.എസ് പുല്ലങ്കോട് സ്കൂൾ, സ്രാമ്പിക്കൽ

പ്രിയപ്പെട്ട മലർവാടീ

ഞാൻ മലർവാടിയുടെ സ്ഥിരം വായനക്കാരിയാണ്. മലർവാടി കൈയിൽ കിട്ടിയാൽ ഞാൻ ആദ്യം പദപ്രശ്നം പൂരിപ്പിക്കും. എത്രയും പെട്ടെന്ന് തന്നെ അത് മലർവാടിക്ക് അയച്ചു തരാറുമുണ്ട്. ഇതുവരെ സമ്മാനമൊന്നും കിട്ടിയിട്ടില്ല. അതിൽ സങ്കടം ഒന്നും ഇല്ല. എല്ലാവർക്കും സമ്മാനം തരാൻ പറ്റില്ലല്ലോ.

പൂച്ചപ്പോലീസും പട്ടാളം പൈലിയും പൊളിക്കുന്നുണ്ട്. ചക്കര ഇഞ്ചിങ്ങ വളരെ ത്രില്ലിംഗാണ്. ഈയിടെയായിട്ട് മലർവാടിയിൽ ചിത്രകഥകൾ കുറഞ്ഞു വരുന്നുണ്ട്. അടുത്ത മലർവാടിക്കായി കാത്തിരിക്കുന്നു.

**റിദാ ഫാത്തിമ**
ക്ലാസ് 7, സെന്റ മോണിക്ക സ്കൂൾ , കുമ്പള

പ്രിയപ്പെട്ട മലർവാടീ,


ഞാൻ ആദ്യമായിട്ടാണ് മലർവാടിക്ക് കത്തെഴുതുന്നത്. മലർവാടിയിലെ എല്ലാ കഥകളും എനിക്ക് ഇഷ്ടമാണ്. പൂച്ചപ്പോലീസും പട്ടാളം പൈലിയുമാണ് ഏറെ ഇഷ്ടം. എല്ലാവിധ അറിവുകളും പറഞ്ഞുതരുന്ന മലർവാടിക്ക് ഒരായിരം നന്ദി.

**ഹാനിൻ സയാൻ.കെ**
ക്ലാസ് 4, സെന്റ് ജോർജ് സ്കൂൾ, നടക്കാവ്

## കളിമുറ്റം ഉത്തരങ്ങൾ

**പഴവും ആപ്പിളും:** ആപ്പിൾ 12, പഴം 2

**കണ്ടെത്തൂ:** നാലാമത്തെ ഉത്തരം മീൻ ആണ്. ഒന്നാമത്തെ വരിയിലെ ഉത്തരം ഒന്നാമത്തെ ചിത്രം. രണ്ടാമത്തെ വരിയിലെ ഉത്തരം രണ്ടാമത്തെ ചിത്രം. മൂന്നാമത്തെ വരിയിലെ ഉത്തരം മൂന്നാമത്തെ ചിത്രം. നാലാമത്തെ വരിയിലെ ഉത്തരം അപ്പോൾ നാലാമത്തെ ചിത്രമായ മീൻ തന്നെ. ലോജിക് മനസ്സിലായല്ലോ അല്ലേ..




**അക്കമേത്:** 072 ഉം 398 ഉം തമ്മിൽ കൂട്ടുമ്പോൾ 470 കിട്ടുന്നു.



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്–12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

**പേര്, ക്ലാസ്, സ്കൂൾ, വീട്ടുവിലാസം, ഫോൺനമ്പർ എന്നിവ എഴുതാൻ മറക്കരുതേ.**